# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 54

10.06.2013-ൽ മറുപടിയ്ക്ക്

## വിമുക്ത അർദ്ധ സൈനിക സേനാംഗങ്ങളുടെ ആനുകൂല്യം

ചോദ്യം

ശ്രീമതി. ഇ.എസ്.ബിജിമോൾ

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2012 നവംബർ 23ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എഫ്-ൽ നിന്നും മറ്റ് കേന്ദ്ര അർദ്ധ സൈനിക സേനകളിൽ നിന്നും സേവന വിമുക്തരായ ആളുകളുടെ പുനരധിവാസം ലക്ഷ്യമാക്കി വിമുക്ത പ്രതിരോധ സേനാംഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വിമുക്ത അർദ്ധ സൈനിക സേനാംഗങ്ങൾക്കും ബാധകമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 23.11.2012-ലെ 27011/100/2012- ആർ & ഡബ്ല്യൂ. നമ്പർ ഉത്തരവ് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സൈനിക വിമുക്ത ഭടന്മാർക്ക് നൽകി വരുന്ന സംവരണത്തിൽ നിന്നും അർദ്ധ സൈനിക വിമുക്ത ഭടന്മാർക്കായി മാറ്റി വയ്ക്കാൻ കഴിയാത്തതിനാലും സംസ്ഥാന സർക്കാരിന്റെ തന്നെ മറ്റ് സേനാംഗങ്ങളും ഇതേ ആവശ്യം ഉന്നയിച്ചു വരുമെന്നതിനാലും, സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാലും, സംസ്ഥാന സർക്കാർ ഇക്കാര്യത്തിലുള്ള വിയോജിപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. സൈനിക വിമുക്ത ഭടന്മാർക്ക് നൽകി വരുന്ന സംവരണത്തിൽ അർദ്ധ സൈനികരേയും കൂടി ഉൾപ്പെടുത്തുന്നതിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയം സമ്മതിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് വിയോജിപ്പില്ലായെന്നും അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീമിന്റെ ഡിസ്പെൻസറികൾ കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ കൂടി ആരംഭിക്കുവാൻ ആവശ്യപ്പെടുമോ; | (ബി) | കേന്ദ്ര ഗവൺമെന്റ് ഹെൽത്ത് സ്കീമിന്റെ ഡിസ്പെൻസറികൾ കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ കൂടി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും ഇതുമായി ബന്ധപ്പെട്ട കേരളത്തിലെ ജില്ല/ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ് വിഭാഗത്തേയും ഓതറൈസ്ഡ് മെഡിക്കൽ സ്ഥാപനങ്ങളായി അംഗീകരിക്കണമെന്ന ആവശ്യവും സി.ജി.എച്ച്.എസ്. തലത്തിലാണ് തീരുമാനിക്കേണ്ടത്. ഇവ കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്നതാണ്. |
| (സി) | ബി.എസ്.എഫ്. നടത്തുന്ന കാന്റീനുകൾ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കുന്ന എല്ലാ വസ്തുക്കൾക്കും പൂർണ്ണ നികുതി ഇളവ് നല്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)-ാം വകുപ്പിലെ അഞ്ചാം പ്രൊവിസോ പ്രകാരം മിലിറ്ററി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി. കാന്റീൻ, ഇന്ത്യൻ നേവൽ കാന്റീൻ സർവ്വീസ്, കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ്, സെൻട്രൽ പോലീസ് കാന്റീനും അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള പോലീസിന്റെ ഓരോ ജില്ലയിലുമുള്ള സബ്സിഡിയറി കാന്റീൻ എന്നിവ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക്, നിലവിൽ, പകുതി നിരക്കെന്ന ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ മേഖലയിൽ നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിരക്കുകൾക്ക് പകരം പൂർണ്ണ നികുതി യിളവ് നൽകുന്നത് റവന്യൂ വരുമാനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ